# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ബിവറേജസ് കോർപ്പറേഷനിൽ കേന്ദ്രീകൃത കംപ്യൂട്ടർ സംവിധാനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1102 — 10.06.2019-ൽ മറുപടിയ്ക്ക്

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| --- | --- |
| (എ) ബിവറേജസ് കോർപ്പറേഷന്റെ ഇടപാടുകൾ നിയന്ത്രിക്കാൻ കേന്ദ്രീകൃത കംപ്യൂട്ടർ സംവിധാനം നിലവിലുണ്ടോ; | എ) ഇല്ല. കേന്ദ്രീകൃത കംപ്യൂട്ടർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിലേയ്ക്കായി ERP സോഫ്റ്റ് വെയർ ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഓർഡർ നൽകുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുന്നതിലേയ്ക്കായി ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതും കൂടാതെ ഇതിനാവശ്യമായ കമ്പ്യൂട്ടറുകളും മറ്റു അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയുമാണ്. |
| (ബി) പി.എസ്.സി. മുഖേനയല്ലാതെ ലേബൽ ഒട്ടിക്കുവാൻ ബിവറേജസ് കോർപ്പറേഷന്റെ സംഭരണശാലകളിൽ എത്തിയവരെ ജീവനക്കാരാക്കി സ്ഥിരപ്പെടുത്തുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) എങ്കിൽ ഇത് തടയുന്നതിനും ചട്ടപ്രകാരം പി.എസ്.സി. മുഖേന ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ബി) യും സി) യും കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ പി.എസ്.സി മുഖേനയുള്ള നിയമനങ്ങളിൽ ലേബലിംഗ് വർക്കർ തസ്തിക ഉൾപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിലാണ് 426 തൊഴിലാളികളെ സ്ഥിരപ്പെടുത്തി ഇപ്പോൾ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ഇതിനു മുൻപും കെ.എസ്.ബി.സിയിൽ പ്രവൃത്തിയെടുത്തിരുന്ന ലേബലിംഗ് തൊഴിലാളികളെ സ്ഥിരപ്പെടുത്തിക്കൊണ്ട് തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. ഈ വിഷയത്തിൽ ആക്ഷേപങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Santhosh

സെക്ഷൻ ഓഫീസർ